ഉത്തരം

(എ) മുഖ്യമന്ത്രിയുൾപ്പെടെ മന്ത്രിമാരും ചീഫ് വിപ്പും ശമ്പളം ടി.എ., ഡി.എ., മെഡിക്കൽ റീ ഇംപേഴ്സ്മെന്റ്, അതിഥി സൽക്കാരം, ടെലഫോൺ കോൾ, എന്നീ ഇനങ്ങളിലായി താൽക്കാലിക കണക്കുപ്രകാരം ആകെ 7,58,32,243 രൂപ (ഏഴു കോടി അമ്പത്തിയെട്ടുലക്ഷത്തി മുപ്പത്തിരണ്ടായിരത്തി ഇരുന്നൂറ്റിനാൽപത്തിമൂന്നു രൂപ മാത്രം) ചെലവഴിച്ചിട്ടുണ്ട്. മറ്റുള്ളവയെ സംബന്ധിക്കുന്ന വിവരം ശേഖരിച്ചുവരുന്നു.

(ബി) 5055483 രൂപ (അമ്പത് ലക്ഷത്തി അമ്പത്തയ്യായിരത്തി നാന്നൂറ്റി എൺപത്തിമൂന്നു രൂപ മാത്രം)

(സി) 1991-ൽ 96 കാലത്തെ മുഖ്യമന്ത്രി ഉൾപ്പെടെയുള്ള മന്ത്രിമാർ ശമ്പളം, ടി.എ., ഡി.എ., അതിഥി സൽക്കാരം, ടെലഫോൺ കോൾ, എന്നീ ഇനങ്ങളിലായി ആകെ 9,21,02,718 രൂപ(ഒമ്പതുകോടി ഇരുപത്തൊന്നുലക്ഷത്തി രണ്ടായിരത്തി എഴുന്നൂറ്റി പതിനെട്ടു രൂപ മാത്രം) ചെലവഴിച്ചിട്ടുണ്ട്. ശരാശരി 51,16,818രൂപ (അമ്പത്തിഒന്നു ലക്ഷത്തി പതിനാറായിരത്തി എണ്ണൂറ്റിപതിനെട്ട് രൂപ മാത്രം) ചെലവായിട്ടുണ്ട്.

(ഡി) മോടിപിടിപ്പിച്ചിട്ടില്ല. വാർഷിക അറ്റകുറ്റപ്പണികൾ നടത്തിയിട്ടുണ്ട്. ഇതുസംബന്ധിച്ച ചെലവിന്റെ വിവരം ശേഖരിച്ചു നൽകുന്നതാണ്.

(ഇ) വിവരം ശേഖരിച്ചുവരുന്നു.

മന്ത്രിമാരുടെ സെൽഫോണുകൾ

14 (14) ശ്രീമതി റോസമ്മ ചാക്കോ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം മുഖ്യമന്ത്രിയുൾപ്പെടെ ഏതെല്ലാം മന്ത്രിമാർക്കും അവരുടെ സ്റ്റാഫ് അംഗങ്ങൾക്കും സെല്ലുലാർഫോൺ നൽകിയിട്ടുണ്ട് ;

(ബി) ഈ കാലഘട്ടത്തിൽ മുഖ്യമന്ത്രി ഉൾപ്പെടെ ഏതെല്ലാം മന്ത്രിമാരുടെ ആഫീസുകളിൽ പി.എ.ബി.എക്സ്. സമ്പ്രദായം ഏർപ്പെടുത്തിയിട്ടുണ്ട് ;

(സി) ഈ കാലഘട്ടത്തിൽ മുഖ്യമന്ത്രി ഉൾപ്പെടെ ഓരോ മന്ത്രിമാർക്കും അവരുടെ ഓരോ സ്റ്റാഫ് അംഗങ്ങൾക്കും അവരുടെ ആഫീസിലെ ഫോൺ, വീടുകളിലെ ഫോൺ, നിയോജകമണ്ഡലത്തിലുള്ള ഫോൺ, സെല്ലുലാർ ഫോൺ എന്നിവയിലോരോന്നിനും വേണ്ടി എന്ത് തുക ചെലവായിട്ടുണ്ട് ;

(ഡി) മന്ത്രിമാരുടെ ആഫീസിലുള്ള പി.എ.ബി.എക്സ്. സിസ്റ്റത്തിന് വേണ്ടി എന്ത് തുക ചെലവായിട്ടുണ്ട് ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) മുഖ്യമന്ത്രിയുൾപ്പെടെ എല്ലാ മന്ത്രിമാർക്കും സെല്ലുലാർഫോൺ നൽകിയിട്ടുണ്ട്. എന്നാൽ അവരുടെ സ്റ്റാഫ് അംഗങ്ങൾക്ക് ആർക്കും തന്നെ സെല്ലുലാർഫോൺ നൽകിയിട്ടില്ല.

(ബി) മുഖ്യമന്ത്രി, വനം ഗതാഗതവകുപ്പുമന്ത്രി, ധനകാര്യ മന്ത്രി, വ്യവസായ സാമൂഹ്യ ക്ഷേമ മന്ത്രി, തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി, പിന്നോക്കവിഭാഗ ക്ഷേമ വകുപ്പുമന്ത്രി എന്നിവരുടെ ആഫീസുകളിൽ സ്ഥാപിച്ചിട്ടുണ്ട്.

(സി) അനുബന്ധം 1,2,3 കാണുക. †

(ഡി) 1,87,134 രൂപ.

മന്ത്രിമാരുടെ വിദേശ പര്യടനം

15 (15) ശ്രീ. പി. ജെ. ജോയി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം ഇതുവരെ മുഖ്യമന്ത്രി ഉൾപ്പെടെ ഏതെല്ലാം മന്ത്രിമാർ വിദേശപര്യടനം നടത്തിയിട്ടുണ്ട്;

(ബി) ഇതിൽ മുഖ്യമന്ത്രി ഉൾപ്പെടെ ഓരോ മന്ത്രിമാരും എത്ര പ്രാവശ്യം വിദേശപര്യടനം നടത്തിയിട്ടുണ്ട്;

(സി) ഈ കാലത്ത് മുഖ്യമന്ത്രി ഉൾപ്പെടെ ഓരോ മന്ത്രിയും ഏതെല്ലാം വിദേശങ്ങളിലാണ് പര്യടനം നടത്തിയിട്ടുള്ളത്;

(ഡി) ഈ കാലത്ത് മുഖ്യമന്ത്രി ഉൾപ്പെടെ ഓരോ മന്ത്രിമാരും നടത്തിയ ഓരോ വിദേശപര്യടനത്തിനും ഏതെല്ലാം പേഴ്സണൽ സ്റ്റാഫ് അംഗങ്ങളും ഗവൺമെന്റ്-അർദ്ധ ഗവൺമെന്റ് ഉദ്യോഗസ്ഥന്മാരും അവരെ അനുഗമിച്ചിരുന്നു;

(ഇ) ഈ കാലത്ത് മുഖ്യമന്ത്രി ഉൾപ്പെടെ ഓരോ മന്ത്രിമാരും അവരെ അനുഗമിച്ച ഉദ്യോഗസ്ഥന്മാരും വിദേശപര്യടനത്തിന്റെ പേരിൽ എന്തു തുക വീതം ടി.എ., ഡി.എ., ഇൻസിടന്റൽ ചാർജ്ജസ്, എന്റർടെയിൻമെന്റ് ചാർജ്ജസ് എന്നീ ഓരോ ഇനങ്ങളിലും പറ്റിയിട്ടുണ്ട്;

(എഫ്) ഈ കാലത്ത് മുഖ്യമന്ത്രി ഉൾപ്പെടെയുള്ള മന്ത്രിമാരും അവരെ അനുഗമിച്ച ഉദ്യോഗസ്ഥന്മാരും വിദേശപര്യടനക്കാലത്ത് ബന്ധപ്പെട്ട വിദേശ രാജ്യങ്ങളിലെ ഇന്ത്യൻ എമ്പസികളും കോൺസുലേറ്റുകളും ഹൈക്കമ്മീഷൻ ആഫീസുകളും ഏർപ്പെടുത്തിയ സൗകര്യം വിനിയോഗിച്ചതിന്റെ പേരിൽ എന്തു തുക വീതം കേന്ദ്രഗവൺമെന്റിൽ അടച്ചിട്ടുണ്ട്?

† അനുബന്ധം - VI (a,b,c)

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം V (b)

STATEMENT SHOWING EXPENDITURE INCURRED FOR FURNISHING OFFICES OF VARIOUS MINISTERS FOR THE PERIOD FROM JUNE 1996 TO DECEMBER 2000

Sl. No.	Name of office	Amount (Rs.ps.)
1	Office of the Chief Minister	1,19,062.00
2	Minister P.W.D & Education	79,911.00
3	Minister Finance	1,52,390.00
4	Fisheries & Culture	1,68,388.00
5	Minister Food	85,122.00
6	Minister Health & Sports	1,31,370.00
7	Minister Electricity & Co-operation	1,22,261.00
8	Minister SC/ST	23,224.00
9	Minister Local Administration	1,60,158.00
10	Minister Irrigation & Labour	33,301.00
11	Minister Industries & Social Welfare	31,554.00
12	Minister Transport & Devaswom	83,686.00
13	Minister Revenue	33,713.00
14	Minister Agriculture	10,000.00

അനുബന്ധം VI (a)

[19-2-2001- ലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 14 (14)-ന്റെ ഉത്തരം ദയവായി കാണുക]

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇതുവരെ (15-2-2001 വരെ) ഓരോ മന്ത്രിമാർക്കും ടെലിഫോൺ ചാർജ് ഇനത്തിൽ ചെലവായ തുക

മന്ത്രി	ചെലവഴിച്ച തുക
മുഖ്യമന്ത്രി	54,37,057 രൂപ
ജലസേചനവും തൊഴിലും	22,56,607 രൂപ
ഭക്ഷ്യവും വിനോദസഞ്ചാരവും	21,33,970 രൂപ
റവന്യൂ	31,70,908 രൂപ
വിദ്യാഭ്യാസവും മരാമത്തും	62,17,463 രൂപ
വനവും ഗതാഗതവും	43,04,413 രൂപ

LIBRARY ARCHIVES Kerala Legislative Assembly

തദ്ദേശ സ്വയംഭരണം	21,98,579 രൂപ
വൈദ്യുതിയും സഹകരണവും	20,19,728 രൂപ
പിന്നോക്ക-പട്ടിക സമുദായക്ഷേമം	13,98,366 രൂപ
കൃഷി	25,83,183 രൂപ
മത്സ്യബന്ധനവും സാംസ്ക്കാരികവും	39,15,907 രൂപ
ആരോഗ്യവും സ്പോർട്സും	40,19,016 രൂപ
ധനകാര്യവും എക്സൈസും	18,83,626 രൂപ
വ്യവസായവും സാമൂഹ്യക്ഷേമവും	33,00,342 രൂപ
ആകെ	4,48,39,165 രൂപ

* ഓഫീസ്, വീട്, നിയോജകമണ്ഡലത്തിലെ ഫോണുകൾ ഇവ ഉൾപ്പെടുത്തിയുള്ളതാണ് മുകളിൽ കൊടുത്തിരിക്കുന്നത്.

അനുബന്ധം VI (b)

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇതുവരെ (15-2-2001) ഓരോ മന്ത്രിമാരുടെയും സ്റ്റാഫ് അംഗങ്ങൾക്കും ടെലിഫോൺ ചാർജ് ഇനത്തിൽ ചെലവായ തുക

മന്ത്രി (സ്റ്റാഫംഗങ്ങൾ മാത്രം)	ടെലിഫോൺ ചാർജ്
മുഖ്യമന്ത്രി	1,54,485 രൂപ
ജലസേചനവും തൊഴിലും	2,52,413 രൂപ
ഭക്ഷ്യവും വിനോദസഞ്ചാരവും	1,98,965 രൂപ
റവന്യൂ	1,06,148 രൂപ
വിദ്യാഭ്യാസവും മരാമത്തും	2,36,527 രൂപ
വനവും ഗതാഗതവും	56,087 രൂപ
തദ്ദേശ സ്വയംഭരണം	3,97,357 രൂപ
വൈദ്യുതിയും സഹകരണവും	2,43,429 രൂപ
പിന്നോക്ക വിഭാഗ ക്ഷേമം	2,60,425 രൂപ
കൃഷി	93,392 രൂപ
മത്സ്യബന്ധനവും സാംസ്ക്കാരികവും	2,65,680 രൂപ
ആരോഗ്യവും സ്പോർട്സും	1,16,613 രൂപ
ധനകാര്യവും എക്സൈസും	1,67,423 രൂപ
വ്യവസായവും സാമൂഹ്യക്ഷേമവും	1,13,133 രൂപ
ആകെ	26,62,077 രൂപ

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം VI (c)

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇതുവരെ (15-2-2001) വരെ ഓരോ മന്ത്രിമാർക്കും സെല്ലുലാർ (മൊബൈൽ) ഫോൺ ചാർജ്ജിനത്തിൽ ചെലവായ തുക

മന്ത്രി	ചെലവഴിച്ച തുക
മുഖ്യമന്ത്രി	5,451 രൂപ
ജലസേചനവും തൊഴിലും	28,093 രൂപ
ഭക്ഷ്യവും വിനോദസഞ്ചാരവും	26,916 രൂപ
റവന്യൂ	29,640 രൂപ
വിദ്യാഭ്യാസവും മരാമത്തും	2,19,125 രൂപ
വനവും ഗതാഗതവും	42,636 രൂപ
തദ്ദേശ സ്വയംഭരണം	33,418 രൂപ
വൈദ്യുതിയും സഹകരണവും	37,962 രൂപ
പിന്നോക്ക വിഭാഗ ക്ഷേമം	30,893 രൂപ
കൃഷി	41,434 രൂപ
മത്സ്യബന്ധനവും സാംസ്ക്കാരികവും	35,503 രൂപ
ആരോഗ്യവും സ്പോർട്സും	43,220 രൂപ
ധനകാര്യവും എക്സൈസും	27,103 രൂപ
വ്യവസായവും സാമൂഹ്യക്ഷേമവും	28,739 രൂപ
ആകെ	6,30,133 രൂപ

അനുബന്ധം VII

[19-2-2001-ലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 15 (15)-ന്റെ ഉത്തരം ദയവായി കാണുക]

1. (എ) ശ്രീ. ഇ. കെ. നായനാർ : (മുഖ്യമന്ത്രി)

5-7-1996 മുതൽ 9-7-1996 വരെയുള്ള യാത്ര

വിമാനയാത്രാക്കൂലി : 1,52,130 രൂപ

ടി. എ. : 1,925 രൂപ

ഡി. എ. : 9,188 രൂപ

LIBRARY ARCHIVES Kerala Legislative Assembly